# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4256

24.06.2019-ലെ മറുപടി

## എരുമേലി സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എരുമേലി സമഗ്ര കുടിവെള്ള പദ്ധതിയുടെ കീഴിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ വിശദമാക്കമോ; | (എ) | എരുമേലി സമഗ്ര കുടിവെള്ള പദ്ധതിയുടെ കീഴിൽ ഇതുവരെ പൂർത്തിയാക്കിയ ഘടകങ്ങൾ താഴെ പറയുന്നവയാണ്.<br>1. എടത്തികാവിൽ 9 മീറ്റർ വ്യാസമുള്ള കിണർ<br>2. 600 മി.മീ. വ്യാസമുള്ള പൈപ്പുപയോഗിച്ച് ഏകദേശം 6 Km ദൂരത്തിൽ റോ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിച്ചു.<br>3. MES കോളേജിനു സമീപം 10 MLD ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ചു.<br>4. ശുദ്ധീകരണശാലയുടെ വളപ്പിലും, കൊടിത്തോട്ടം, കനകപ്പാലം, കരിങ്കല്ലുമൂഴി, ഗോവിന്ദൻ കവല, കീരിത്തോട്, കണമല, പള്ളിക്കുന്ന്, നേർച്ചപ്പാറ എന്നിവിടങ്ങളിൽ ജലസംഭരണികൾ പൂർത്തീകരിച്ചു. (9 എണ്ണം)<br>5. എല്ലാ ടാങ്കുകളിലേയ്ക്കുമുള്ള പ്രധാന പൈപ്പ്ലൈനിന്റെ പണികൾ പൂർത്തീകരിച്ചു.<br>6. നേർച്ചപ്പാറ, കൊടിത്തോട്ടം എന്നീ ടാങ്കുകളിൽ നിന്നും വിതരണശൃംഖല പൂർത്തീകരിച്ചു.<br>7. റോ വാട്ടർ പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമർ, പമ്പുസെറ്റുകൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു.<br>8. കരിങ്കല്ലുമൂഴിയിൽ നിന്നുള്ള വിതരണശൃംഖല ഭാഗികമായി പൂർത്തീകരിച്ചു. പദ്ധതി 20.11.2017-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി മുഖേന നിലവിൽ 590 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 40 പൊതു ടാപ്പുകളും 50 ടാപ്പുകൾ സീസൺ സമയത്തും പ്രവർത്തിക്കുന്നു. ശബരിമല സീസൺ കാലയളവിൽ ഏകദേശം 50,000 ജനങ്ങൾക്ക് ദിനംപ്രതി ശുദ്ധജലം എത്തിക്കാൻ സാധിക്കുന്നു. |
| (സി) | പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നബാർഡിൽ നിന്നും സോൺ-1 ലും 6-ലും വിതരണ ശൃംഖല സ്ഥാപിക്കുന്നതിലേക്കായി 12.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സോൺ-1 (എരുമേലി MES കോളേജിനു സമീപം 10 MLD ശേഷിയുള്ള ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള ഉന്നതതല ജലസംഭരണിയിൽ നിന്നുള്ള വിതരണ ശൃംഖല-37.6 Km), സോൺ 6 (പള്ളിക്കുന്ന് ജലസംഭരണിയിൽ നിന്നുള്ള വിതരണശൃംഖല – 17.5 Km) എന്നിവിടങ്ങളിലെ വിതരണശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഡീറ്റൈൽഡ് എസ്റ്റിമേറ്റ് പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**